# ‘ദൈവത്തെ തിരിച്ചറിഞ്ഞ രാഹാബ്’

## യോശുവ 2:12,13

‘‘ആകയാൽ ഞാൻ നിങ്ങളോടു ദയ ചെയ്ക കൊണ്ടു നിങ്ങളും എന്റെ പിതൃഭവനത്തോടു ദയ ചെയ്തു എന്റെ അപ്പനെയും അമ്മയെയും എന്റെ സഹോദരന്മാരെയും സഹോദരി മാരെയും അവർക്കുള്ള സകലത്തെയും ജീവനോടെ രക്ഷിച്ചു ഞങ്ങളുടെ ജീവനെ മരണത്തിൽനിന്നു വിടുവിക്കുമെന്നു യഹോവയെച്ചൊല്ലി എന്നോടു സത്യംചെയ്കയും ഉറപ്പുള്ള ഒരു ലക്ഷ്യം തരികയും വേണം’’.

വേദഭാഗം അല്പം ദീർഘമാണെങ്കിലും മർമ്മപ്രധാനമായ വലിയ ഒരു സത്യം, ഇവിടെ വെളിപ്പെടുന്നു. വേദപുസ്തകചരിത്രത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒരു സ്ത്രീരത്നത്തിന്റെ പ്രസ്താവനയിലൂടെ, വിശ്വാസി ഏറ്റെടുക്കേണ്ടതായ ഒരു യാഥാർത്ഥ്യമാണ് ഇവിടെ കാണുന്നത്. സ്വന്തം രക്ഷയും എന്നാൽ അതിനോടൊപ്പം തനിക്കുള്ള സകലത്തെയുംകൂടെ അവൾ രക്ഷിച്ചു. കുടുംബത്തിന്റെ മുഴുവനായുള്ള വീണ്ടെടുപ്പിനായ ഒരു ഉറപ്പ് ആയിരുന്നു അവൾക്ക് ആവശ്യം.

യോശുവ തങ്ങൾക്കു ലഭിച്ച വാഗ്ദത്ത ദേശം ഒറ്റുനോക്കേണ്ടതിനായി രണ്ടുപേരെ അയയ്ക്കുന്നതായി വചനത്തിലൂടെ നാം കാണുന്നുണ്ട്. ഇവർ അഭയം കണ്ടെത്തുന്നത് ‘രാഹാബ്’ എന്ന സ്ത്രീയുടെ ഭവനത്തിലായിരുന്നല്ലോ. യെരീഹോരാജാവിന്റെ കല്പനപ്രകാരം യോശുവയുടെ ആളുകളെ പിടിപ്പാൻ അവളുടെ വീട്ടിലേക്ക് കടന്നുചെന്നെങ്കിലും വളരെ തന്ത്രപൂർവം രാഹാബ് അവരെ രക്ഷിച്ചു.

രാഹാബ് എന്ന സ്ത്രീ ആരായിരിന്നുവെന്ന് വേദപുസ്തകം വ്യക്തമാക്കുന്നു. അവളൊരു വേശ്യയായിരുന്നു. എന്നാൽ ദൈവമക്കളെ രക്ഷിപ്പാനായി ധൈര്യപൂർവം നടത്തിയ ശ്രമം അവൾക്കും, അവൾക്കുള്ള സകലർക്കും (കുടുംബത്തിനും) രക്ഷയായി. രാഹാബ് ഒറ്റുകാരെ ഒരു കയറുകെട്ടി കിളിവാതിലിലൂടെ ഇറക്കിവിട്ട് രക്ഷപ്പെടാനുള്ള ഉപായം പറഞ്ഞുകൊടുത്തു (യോശുവ 2:15–16) അവളുടെ സാഹസമായ ഈ ശ്രമമാണ് യോശുവയുടെ അടുത്തേക്ക് ജീവനോടെ തിരിച്ചുപോകുവാൻ ആ പുരുഷന്മാരെ ഇടയാക്കിയത്.

തന്റെ ഭവനത്തിൽ എത്തിയ പുരുഷന്മാർ ആരാണെന്ന ഉത്തമമായ ബോധ്യം ഈ വേശ്യസ്ത്രീയിൽ ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. യഹോവയാം ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ അനുഭവിച്ച് കടന്നുവന്ന ദൈവജനത്തെ ഓർത്ത് അവരുടെ ഹൃദയത്തിൽ ഭീതിവന്നു എന്നാണ് നാം കാണുന്നത്. ജീവനുള്ള ദൈവത്തിന്റെ പ്രവർത്തികൾ പാപപങ്കിലമായ അവളുടെ ജീവിതത്തെ ഉരുക്കി. ദൈവത്തോടുള്ള

അഗാധമായ ഭക്തിയും ഭയവും ഹൃദയത്തിലുണ്ടായി. യോശുവ 2:11 ൽ അവരുടെ ഹൃദയം ഉരുക്കി എന്നാണ് കാണുന്നത്. ദൈവപ്രവൃത്തികൾ കേട്ടറിഞ്ഞ രാഹാബ് അവളെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു. എത്ര വലിയ സാക്ഷ്യമാണ് അവൾ പറയുന്നത്. യോശുവ 2:11 ൽ തന്നെ നാം വായിക്കുന്നു 'നിങ്ങളുടെ ദൈവമായ യഹോവ തന്നേ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവം ആകുന്നു'. ഈ തിരിച്ചറിവാണ് നാം കുറിവാക്യത്തിൽ കണ്ടതുപോലെ തന്നെയും കുടുംബത്തെയും ദയ കാണിച്ച് രക്ഷിപ്പാനുള്ള യാചനയ്ക്കായി അവളെ ഒരുക്കിയത്.

യഹോവ ദേശം യോശുവയ്ക്കും കൂട്ടർക്കും കൊടുത്തപ്പോൾ അവളെയും കുടുംബത്തെയും അവിടെ രക്ഷിച്ചു. എബ്രായ ലേഖനത്തിൽ കാണുന്നതുപോലെ വിശ്വാസത്താൽ രാഹാബ് ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ടു. അത് അവളെ അവിശ്വാസികളോടുകൂടെ നശിക്കാതെ രക്ഷിക്കുവാൻ ഇടയാക്കി. ഒരു വേശ്യസ്ത്രീയുടെ നാമം ക്രിസ്തുവിന്റെ വംശാവലിയിൽ ചേർത്തപ്പെട്ട നാലു സ്ത്രീരത്നങ്ങളിൽ ഒരുവളാക്കി തീർത്തു. (മത്തായി 1:5) ബോവസിന്റെ അമ്മയായി ശ്രേഷ്ഠകരമായ ഒരു പദവിയിലാണ് പിന്നീട് നാം രാഹാബിനെ കാണുന്നത്.

സ്വർഗ്ഗത്തിനും, ഭൂമിക്കും നാഥനായ ദൈവത്തെ തിരിച്ചറിഞ്ഞ രാഹാബ് അവളെയും അവൾക്കുള്ളവരെയും ഒരുമിച്ച് രക്ഷിക്കാനായി നിലകൊണ്ടു. കിളിവാതിലിലൂടെ പുരുഷന്മാർക്കായി ഇറക്കിയ ചരട് അവളെ രക്ഷിച്ചു. പ്രിയരേ, നമ്മെ വീണ്ടെടുത്തു രക്ഷിച്ചത് ദൈവത്തിന്റെ കരുണ. രക്ഷയുടെ ഉറപ്പ് ദിനം തോറും ഏറ്റെടുത്തുകൊണ്ട്, നമ്മോടു ദയ കാണിച്ച കർത്താവിന്റെ കരുണ നമുക്കുള്ളവരെയും രക്ഷിക്കുവാൻ ചൊരിയണമേ എന്ന പ്രാർത്ഥന ഈ നാളുകളിൽ അധികമായിരിക്കണം. രക്ഷിക്കപ്പെടേണ്ട ഓരോ കിളിവാതിലിലൂടെയും രക്ഷയുടെ ചരട് വിശ്വാസത്തോടെ നീട്ടാൻ വചനം ശക്തിപ്പെടുത്തട്ടെ. നമ്മുടെ കുടുംബത്തിൽ തുടങ്ങി, കൂട്ടായ്മ, ദേശം, അങ്ങനെ ലോകത്തിനു മുഴുവൻ രക്ഷകന്റെ സ്നേഹവും രക്ഷയും ആസ്വാദമാകാൻ മുട്ടുകളെ മടക്കുക. നമ്മുടെ വിശ്വാസത്തോടെയുള്ള പ്രാർത്ഥനയാകുന്ന ചരടും, ജീവിത സമർപ്പണവും അനേകരെ രക്ഷിക്കാൻ ഇടയാകട്ടെ എന്ന് പ്രത്യാശിക്കാം. അവിശ്വാസികളോടുകൂടെ ആരും നശിക്കാൻ ഇടയാകരുത്. ഇന്ന് ലോകത്തിന്റെ ഒഴുക്ക് നമ്മെ ഭയപ്പെടുത്തുമ്പോൾ രാഹാബിന്റെ ജീവിതം ഏവർക്കും മാതൃകയും, ശക്തിയും ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. 'സ്വന്തം രക്ഷയിലുള്ള ഉറപ്പും' മരണത്തിനുയോഗ്യമാകുന്ന അനേകരുടെ രക്ഷയ്ക്കുള്ള 'ഹൃദയഭാരവും' ഓരോ ഹൃദയത്തിലേക്കും ഒഴുകട്ടെ. കർത്താവിന്റെ വരവിനായി നമ്മെ ദിനംതോറും ഒരുക്കുവാനായി ദൈവകൃപ വ്യാപരിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

പരാമർശം :

യെശയ്യാവ് 40:28,29

നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ. അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നൽകുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 029**